**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **12-02-2024 - ൽ മറുപടിയ്ക്ക്**

**പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | **സ്റ്റേറ്റ് പ്ലാൻ 2022-23 ൽ ഉൾപ്പെടുത്തി കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളതും മൂന്ന് നിലകളിലായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 60 ശതമാനം നിലവിൽ പൂർത്തിയായിട്ടുള്ളതുമാണ്.** |
| (ബി) | മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന പ്രസ്തുത പോലീസ് സ്റ്റേഷനിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾപ്പെടുത്തുക എന്ന് വിശദമാക്കാമോ; | (ബി) | **പ്രസ്തുത പോലീസ് സ്റ്റേഷനിൽ എസ്റ്റിമേറ്റ് പ്രകാരം സ്റ്റേഷൻ കെട്ടിടവും മുകളിലത്തെ നിലയിൽ ഒരു വാച്ച് ടവറുമാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.** |
| (സി) | നിലവിലെ പ്രവൃത്തികളിൽ സ്റ്റേഷന്റെ ചുറ്റുമതിൽ ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ സ്റ്റേഷന്റെ സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2025-26 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ